# Garment of salvation

## (രക്ഷയുടെ വസ്ത്രം -യെശ : 61:10)



1825 ൽ സർജോൺ ബോവറിംഗ് ചൈനയിൽ വച്ച് ഒരു കപ്പലപകടത്തിൽപെട്ടു. കപ്പലിന്റെ അവശിഷ്ടങ്ങളിൽ പൊങ്ങക്കിടന്ന ബോവറിംഗിന് സുരക്ഷിതതീരം കാട്ടികൊടുത്തത് ദൂരെയുള്ള ഒരു കുരിശ് ആയിരുന്നു. പോർട്ടീസുകാർ പണിത പള്ളിയുടെ അവശേഷിപ്പായി ഇപ്പോൾ ഉള്ളത് ആ കുരിശ് മാത്രമായിരുന്നു. കൂടെകൂടെ വീശിയടിക്കുന്ന ചുഴലിക്കാറ്റ് മൂലം പള്ളിയുടെ ബാക്കിഭാഗം നശിച്ചുപോയിരുന്നു. ഈ സംഭവമാണ് പിന്നീട് ജോൺ ബോവറിംഗിനെ 'In the cross of christ, I glory "--------" എന്ന് ഗാനം രചിക്കുവാൻ സഹായിച്ചത്. കാൽവറിയിൽ ഉയർത്തപ്പെട്ട ക്രിസ്തുവിന്റെ കുരിശ് കഴിഞ്ഞ രണ്ടായിരത്തിൽപ്പരം വർഷങ്ങളായി ആത്മീയമായി നഷ്ടപ്പെട്ട മനുഷ്യരാശിയ്ക്ക് ഏറ്റവും ഉത്തമമായ വഴികാട്ടിയായി നിലനിൽക്കുന്നു.

ദൈവം ഏതു മനുഷ്യനും രക്ഷയ്ക്കായിട്ട് ഒരു വഴി ഒരുക്കിയിട്ടുണ്ട്. എന്നാൽ രക്ഷയുടെ മാർഗ്ഗം അവഗണിക്കുന്നവർ ശിക്ഷയുടെ മാർഗ്ഗം തുറക്കുകയാണ് എന്നകാര്യം അവർ അറിയുന്നില്ല. ദൈവത്തേയും ദൈവവചനത്തേയും അവഗണിക്കുന്നവർ ശിക്ഷയിൽ നിന്നു രക്ഷപെടുന്നില്ല എന്ന് വചനം വ്യക്തമാക്കുന്നു. ഏകരക്ഷകൻ യേശു മാത്രം എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. എല്ലാ മനുഷ്യർക്കും രക്ഷ ആവശ്യമാകയാൽ ആർക്കും ആരുടെയും രക്ഷകനാകുവാൻ കഴിയുകയില്ല. രക്ഷയുടെ സന്തോഷം അനുഭവിപ്പാൻ രക്ഷകന്റെ അടുക്കൽ ചെന്നേ മതിയാകുകയുള്ളു. അനൗദ്യോഗിക വസ്ത്രം ധരിച്ച് മേലുദ്യോഗസ്ഥന്റെ അടുക്കൽ ജോലി സമയം എത്തുവാൻ കഴിയുകയില്ല. അതുപോലെ ഓരോ ആത്മീയനും ആത്മീയ വസ്ത്രധാരികളായിട്ടാണ് രക്ഷകന്റെ അടുത്ത് എത്തേണ്ടത്. ആത്മീയ വസ്ത്രങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടത് ക്രിസ്തു എന്ന രക്ഷകൻ ധരിപ്പിക്കുന്ന രക്ഷയുടെ വസ്ത്രമാണ്. (യെശ : 61:10) .കൃപയാൽ നമുക്ക് ലഭ്യമാക്കുന്നതാണ് ഈ വിലയേറിയ വസ്ത്രം.

***രക്ഷയുടെ വസ്ത്രം ലഭ്യമാക്കുവാനുള്ള 'ട' പടികൾ***

1, പാപബോധം

1998 ൽ ജപ്പാൻ വിമാനത്താവളത്തിൽ നിന്ന് പറക്കുവാൻ തയ്യാറായ ഒരു വിമനം പെട്ടെന്ന് ഉദ്യമം അവസാനിപ്പിച്ചു. ശക്തമായ ഒരു കാറ്റുപോലെ ഒരു വലിയകൂട്ടം തേനീച്ചകൾ വന്ന് തുങ്ങിക്കിട ന്നതാണ് കാരണം. അപകടം മനസ്സിലാക്കിയ ഉദ്യോഗസ്ഥർ അതിന് പരിശീലനം ലഭിച്ച ആളുകളു മായി എത്തി അവയെ മാറ്റിയശേഷമാണ് വിമാനം പുറപ്പെട്ടത്. യാത്രതടയുവാൻ ചെറുജീവിക ളായാലും കൂട്ടമായി വന്നാൽ കഴിയും എന്ന ബോധം ഒരു വലിയ അപകടം ഒഴിവാക്കി. അതു പോലെ ചെറിയ ചെറിയ പാപങ്ങൾ അനവധി ആയാൽ നമ്മുടെ ജീവിതയാത്രതകരാറിലാക്കും എന്ന ബോധം നമുക്കുണ്ടാകണം. ഇതിന് പരിഹാരം കാട്ടുവാൻ നമ്മെ സഹായിക്കുന്നത് ദൈവ വചനമാണ്. സദൃ :(30:5) ൽ നിന്നും ശുദ്ധിയുള്ള വചനം നമ്മിലെ അശുദ്ധിമാറ്റുന്നു എന്ന് കാണു ന്നു. ലൂക്കോ :19:2-7 വരെ യുള്ള ഭാഗത്ത് സക്കായിക്കുണ്ടായ പാപബോധം ശ്രദ്ധിക്കുക. യേശു പേർ ചൊല്ലി വിളിച്ചപ്പോൾ പാപബോധം അവനിലുണ്ടായി.

(2) ***പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം***

ചിലർ പാപം ഏറ്റുപറയും പക്ഷേ പൂർണ്ണമായി ഉപേക്ഷിക്കുവാൻ തയാറാക്കുന്നില്ല. അതിനാ ലാണ് പടക് കരയിൽ നിന്ന് അല്പം കൂടി നീക്കുവാൻ യേശു ആവശ്യപ്പെടുന്നത്. അതായത് ജഢത്തിന്റെ കെട്ടുകളഴിച്ചശേഷം യേശുവിനുവേണ്ടി നിന്റെ ജീവിതപടക് മുൻപോട്ട് നീക്കുമോ? ചിലർ പാപം ഏറ്റു പറഞ്ഞു എന്ന് പറയുമ്പോഴും മറെച്ചു വയ്ക്കുവാൻ ശ്രമിക്കുന്നു. അതിന്റെ ഫലം എന്ത് read സദൃ :(28 :13). പാപബോധം വന്ന സക്കായി യേശു ചോദിക്കാതെ തന്നെ സക ലവും ഏറ്റു പറയുകയും അതിന്റെ പരിഹാരവും താൻ ചെയ്യുമെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

read ലൂക്കോ (19:8)

***(3) വില നൽകി വീണ്ടെടുക്കുന്നു***

വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നടപ്പിൽ നിന്ന് നമ്മെ വീണ്ടെടുത്തത് എങ്ങനെ എന്ന് 1പത്രോ:1:19 ൽ വ്യക്തമാക്കുന്നു. സൗജന്യമായി നമുക്കു ലഭിച്ച ഈ ദാനത്തെ നാം നന്ദിയോടെ ഓർക്കുക.

***4, ക്രിസ്തുവിനെ ധരിക്കുക.***

നമുക്ക് ആത്മീയ വസ്ത്രം നൽക്കുന്നതിനു വേണ്ടിയാണ് ക്രിസ്തു ക്രൂശിൽ യാഗമായത്. തുടർന്ന് വീണ്ടെടുക്കപ്പെട്ട നാം ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏല്ക്കണം. മലിനസ്വഭാ

വങ്ങളെ പൂർണ്ണമായി നീക്കി സ്നാനം ഏറ്റശേഷം നമ്മിൽ മാറ്റം വരുത്തുന്നത് ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തിയാണ്. അപ്രകാരം നാം ക്രിസ്തുവിനെ ധരിക്കുന്നു.

***5, പുതു മനുഷ്യനാകുക.***

ഈ ലോകപ്രകാരം നഷ്ടം അനുഭവിക്കേണ്ടി വന്നാലും ആത്മീയകാര്യങ്ങളെ മുറുകെ പിടിക്കുവാൻ കഴിയുന്നവാർക്ക് മാത്രമേ ദൈവമക്കളായി രക്ഷയുടെ വസ്ത്രം സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.അനന്യാസും സഫീറയും തങ്ങളുടെ താല്പര്യ പ്രകാരമാണ് മാറ്റം സ്വീകരിച്ചത് ദൈവീക താല്പര്യം അവരിലില്ലായിരന്നു. പുതു മനുഷ്യൻ ധരിക്കുന്നത് രക്ഷയുടെ വസ്ത്രമാകയാൽ പഴയപലതും - സ്വന്തമല്ലാത്തത് - സക്കായിയെപ്പോലെ മടക്കി നൽകേണ്ടതാണ്. അപ്രകാരം ചെയ്താൽ വീടിനു രക്ഷ ഉണ്ടാകുന്നു.

read എഫേ :4:22-24

പ്രീയരേ ! ക്രീസ്തുവിനെ ധരിക്കുന്നവർ സ്വീകരിച്ചത് രക്ഷയുടെ വിലയേറിയ വസ്ത്രമാണ്. വിലയേറിയ ആത്മീയവസ്ത്രം ധരിച്ച് രക്ഷകനെ സ്തുതിക്കുന്നവരാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg